**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1050** **30-06-2022 - ൽ മറുപടിയ്ക്ക്**

**മരട് പ്ലാന്റിൽ നിന്ന് കൊച്ചി നഗരസഭയ്ക്ക് കുടിവെള്ളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൻറം കുടിവെള്ള പദ്ധതിയിൽപ്പെട്ട മരട് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും മരട് നഗരസഭ, കുമ്പളം, ചെല്ലാനം എന്നീ പഞ്ചായത്തുകൾക്ക് നൽകുന്ന വെള്ളത്തിന്റെ അളവ് എത്ര; എത്ര എം.എൽ.ഡി. വെള്ളം ബാക്കിയുണ്ടാകും;വ്യക്തമാക്കാമോ; | (എ) | ജൻറം കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട മരട് ട്രീറ്റ്മെന്റ് പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന 95.5 എം.എൽ.ഡി വെള്ളത്തിൽ നിന്നും മരട് നഗര സഭയിലേക്ക് 12.5 എം.എൽ.ഡി-യും, കുമ്പളം പഞ്ചായത്തിലേക്ക് 7.75 എം.എൽ.ഡി-യും, ചെല്ലാനം പഞ്ചായത്തിലേക്ക് 23 എം.എൽ.ഡി-യും ജലം വിതരണം ചെയ്യുന്നുണ്ട് . 52.25 എം.എൽ.ഡി ജലം ബാക്കി വരുന്നുണ്ട് . |
| (ബി) | പ്രസ്തുത പ്ലാന്റിൽ നിന്നും മേൽ സൂചിപ്പിച്ച പഞ്ചായത്തുകൾക്ക് വെള്ളം നൽകിയതിന് ശേഷം ബാക്കി കൊച്ചി നഗരസഭയിൽ എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചോ; എങ്കിൽ വിശദമാക്കാമോ? | (ബി) | മരട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും തമ്മനം പമ്പ് ഹൗസിലേക്ക് നിലവിലുള്ള ACപൈപ്പ് മാറ്റി DI പൈപ്പ് സ്ഥാപിച്ച് കൂടുതൽ ജലം തമ്മനത്തേക്ക് എത്തിക്കുന്നതിനുള്ള പ്രവൃത്തി 36% പൂർത്തീകരിച്ചിട്ടുണ്ട് . ബാക്കി ഭാഗം NHAI-യിൽ നിന്നും അനുവാദം ലഭിക്കാത്തതിനാൽ പണി നിർത്തി വച്ചിരിക്കുകയാണ് . നാഷണൽ ഹൈവേ ഒഴിവാക്കി പുതിയ റൂട്ടിലൂടെയുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി അമൃത് സംസ്ഥാന തല ഉന്നതാധികാര സമിതിയ്ക്ക് ഉടൻ സമർപ്പിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ